# അമേരിക്കയിൽ ഇപ്പോഴും കടുത്ത വംശീയ വിവേചനം

**അനീതിക്കു** നേരെ കണ്ണടക്കുന്നു-അമേരിക്കയിലെ 250-ൽ പരം മനുഷ്യാവകാശ കൂട്ടായ്മകൾ ചേർന്നു തയാറാക്കിയ റിപ്പോർട്ടിന്റെ തലക്കെട്ടാണിത്. വിഷയം അമേരിക്കൻ സമൂഹത്തിലും ഭരണത്തിലും നിലനിൽക്കുന്ന കടുത്ത വംശീയ വിവേചനം തന്നെ. കറുത്ത വർഗക്കാർ, റെഡ് ഇന്ത്യക്കാരെപ്പോലുള്ള ആദിമ നിവാസികൾ, മുസ്‌ലിംകൾ ഇവരാണ് ഏറ്റവും കൂടുതൽ വിവേചനത്തിന് ഇരയാവുന്നതെന്ന് ഡിസംബർ പത്തിന് പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. വോട്ടിംഗ്, പോലീസ് നടപടി, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് ഏറ്റവും കൂടുതൽ വിവേചനം. ഫെഡറൽ -സംസ്ഥാന തെരഞ്ഞെടുപ്പുകളിൽ 5.4 മില്യൻ ആളുകൾക്കാണ് വോട്ടവകാശം നിഷധിച്ചിരിക്കുന്നത്. ഇവരിൽ ബഹുഭൂരിഭാഗവും വംശീയ ന്യൂനപക്ഷങ്ങളിൽനിന്നുള്ളവരാണ്.



വിവേചനത്തിനെതിരെ പ്രതിഷേധ മാർച്ച്

2005-ലെ കത്രീന കൊടുങ്കാറ്റിനെ തുടർന്ന് സകലതും നഷ്ടമായ ആഫ്രിക്കൻ അമേരിക്കക്കാരോടും മറ്റു വംശീയ ന്യൂനപക്ഷങ്ങളോടും ഗവൺമെന്റ് കാണിച്ച വിവേചനം റിപ്പോർട്ടിൽ പ്രത്യേകം എടുത്തു പറയുന്നു. ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ സ്കൂളുകളിൽ പഠനസൗകര്യങ്ങളുടെ അപര്യാപ്തതയാണ് വിവേചനത്തിന്റെ മറ്റൊരു ഉദാഹരണം. ഇതു കാരണം പരീക്ഷകളിൽ അവരുടെ പ്രകടനം വളരെ പരിതാപകരമാണ്. കഴിഞ്ഞ സെപ്റ്റംബറിലാണ് ലൂസിയാനയിലെ ആഫ്രോ അമേരിക്കൻ വംശജർ അമേരിക്കൻ കോടതികളിലെ വംശീയ വിവേചനത്തിനെതിരെ പ്രതിഷേധ മാർച്ച് നടത്തിയത്.

ജയിലിലടക്കപ്പെടുന്നവരിലധികവും കറുത്ത വർഗക്കാരോ മറ്റു ന്യൂനപക്ഷ വിഭാഗങ്ങളോ ആണ്. ഇതുമായി താരതമ്യം ചെയ്യുമ്പോൾ കുറ്റവാളികളായി ജയിലിൽ കഴിയുന്ന വെള്ളക്കാരുടെ എണ്ണം വളരെ കുറവാണ്. വംശീയ വിവേചനമാണ് ഈ ഭീമമായ അന്തരത്തിനു കാരണം. ലോകത്തുതന്നെ ഏറ്റവും കൂടുതൽ പൗരന്മാരെ ജയിലിലേക്ക് തള്ളുന്ന രാജ്യവും അമേരിക്കതന്നെ.

ആംനസ്റ്റി ഇന്റർനാഷ്നൽ (യു.എസ്), അമേരിക്കൻ സിവിൽ ലിബർട്ടീസ് യൂനിയൻ, യു.എസ് ഹ്യൂമൻ റൈറ്റ്സ് നെറ്റ്‌വർക്ക് എന്നീ മനുഷ്യാവകാശ സംഘടനകളാണ് റിപ്പോർട്ട് തയാറാക്കാൻ നേതൃത്വം നൽകിയത്. ■

# നൈജീരിയയിലെ 'ബാലയക്ഷികൾ'



**നൈജീരിയയിലെ** ഒരു ഉൾഗ്രാമ പട്ടണമാണ് എസിറ്റ് എകറ്റ്. നാലു വീട് കഴിഞ്ഞാൽ ന്യൂ ടെസ്റ്റ്മെന്റ് അസംബ്ലി, ചർച്ച് ഓഫ് ഗോഡ് മിഷൻ, മൗണ്ട് സിയൻ ഗോസ്പൽ എന്നിങ്ങനെ നിരവധി ചർച്ചുകളുടെ പരസ്യപ്പലകകൾ കാണാം. ഈ ചെറിയ പട്ടണത്തിൽ എല്ലാവരും ചർച്ചിൽ പോകുന്നവരാണ്. പുരോഹിതന്മാരുടെ വരുമാനമാർഗമാണ് വിചിത്രം- 'ബാധ ഒഴിപ്പിക്കൽ'. മധ്യകാല യൂറോപ്പിൽ പോലും കേട്ടുകേൾവിയില്ലാത്ത നിഷ്ഠുരതയാണ് മതത്തിന്റെ പേരിൽ ഇവിടെ അരങ്ങേറുന്നതെന്ന് *ദി ഒബ്സർവർ* (9.12.2007) റിപ്പോർട്ട് ചെയ്യുന്നു.

ബാല്യത്തിലും കൗമാരത്തിലുമുള്ള കുട്ടികൾ കുശുമ്പും വികൃതിയും കാട്ടിയാൽ ആ പ്രായത്തിലുള്ളവർ അങ്ങനെ കാണിക്കുമല്ലോ എന്നേ ആരും വെക്കുകയുള്ളൂ. പക്ഷേ, എസിറ്റ് എകറ്റ് ഗ്രാമത്തിൽ അതൊരു ഇടിത്തീ വാർത്തയാണ്. കുശുമ്പു കാട്ടുന്നത് കുട്ടിയിൽ യക്ഷി കയറിപ്പറ്റിയതുകൊണ്ടാണ്. യക്ഷി ബാധ ഒഴിപ്പിക്കുകയല്ലാതെ നിവൃത്തിയില്ല. അല്ലെങ്കിൽ അത് കുടുംബനാഥന്റെ ജോലി, വരുമാനം, ആരോഗ്യം തുടങ്ങി സകലതും ഇല്ലാതാക്കും. പുരോഹിതന്മാരാണ് ബാധ ഒഴിപ്പിക്കാൻ ഇറങ്ങുക. ബാധയേറ്റ കുട്ടിയുടെ തലയിൽ ആണിയടിച്ചു കയറ്റുക, ചൂടുവള്ളം ഒഴിക്കുക, ദേഹത്ത് പെട്രോൾ ഒഴിച്ച് കത്തിക്കുക, മരത്തിൽ തലകീഴെ കെട്ടിത്തൂക്കുക, ജീവനോടെ കുഴിച്ചു മൂടുക ഇങ്ങനെ എന്തുമാകാം പുരോഹിതൻ നിർദേശിക്കുന്ന 'പരിഹാരം'. പരിഹാരകർമങ്ങൾ ചെയ്യുന്നത് മിക്കപ്പോഴും സ്വന്തം മാതാപിതാക്കൾ തന്നെയായിരിക്കും. ആയിരക്കണക്കിന് കുട്ടികളാണത്രെ ഇങ്ങനെ കൊല്ലപ്പെടുകയോ ഭീകരമായി മുറിവേൽപിക്കപ്പെടുകയോ ചെയ്തത്.

ബാധയൊഴിപ്പിക്കാൻ പുരോഹിതൻ കുടുംബനാഥന്റെ മൂന്നോ നാലോ മാസത്തെ ശമ്പളം പ്രതിഫലമായി കൈപറ്റും. ബാധ ആവർത്തിക്കുമെന്നതിനാൽ ഇതിലധികം പണം കൊടുത്ത് വീണ്ടും ഒഴിപ്പിക്കണം. യക്ഷിയെ ഒഴിപ്പിക്കാനല്ലേ? അതുകൊണ്ട് എത്ര പണം ചെലവാക്കുന്നതിനോ ബാധ കൂടിയ സ്വന്തം കുഞ്ഞിനെ തല്ലിക്കൊല്ലുന്നതിനോ ഗ്രാമത്തിലെ ആർക്കും ഒരു വിഷമവുമില്ല!

കാട്ടിലേക്ക് അടിച്ചോടിക്കാനായിരിക്കും ചിലപ്പോൾ പുരോഹിതരുടെ ആജ്ഞ. ആട്ടിയോടിക്കപ്പെടുന്ന 'യക്ഷിക്കുട്ടികളെ' ആർക്കു വേണമെങ്കിലും തല്ലുകയോ കൊല്ലുകയോ ചെയ്യാം. ആരും ചോദിക്കാൻ വരില്ല. ഇങ്ങനെ ആട്ടിയോടിക്കപ്പെട്ട കുട്ടികളെ ചില മനുഷ്യാവകാശ പ്രവർത്തകർ കണ്ടെത്തി രക്ഷിക്കുകയായിരുന്നു. അവർ നൽകുന്ന വിവരണം (അതിന്റെ വീഡിയോ ക്ലിപ്പിംഗ് സൈറ്റിലുണ്ട്. observer.gurdian.co.uk) അന്ധവിശ്വാസങ്ങൾ മനുഷ്യനെ എത്രത്തോളം നീചനും ക്രൂരനുമാക്കുമെന്ന് വെളിപ്പെടുത്തുന്നു. ■

# പ്രതീക്ഷകൾ നൽകുന്ന രണ്ട് ജ്ഞാന ഗേഹങ്ങൾ




**'അറബ് ലോകത്തു** മാത്രം 71 മില്യൻ നിരക്ഷരരുണ്ട്' - *അറബ് ലീഗ് സെക്രട്ടറി അംറ് മൂസ*

1.6 ബില്യൻ അംഗസംഖ്യയുള്ള, അതായത് ലോകജനസംഖ്യയുടെ കാൽഭാഗത്തോളം വരുന്ന മുസ്‌ലിംകൾ സ്ഥാപിച്ച സർവകലാശാലകളിൽ ഒന്നുപോലും ലോകത്തെ മിച്ച 500 സർവകലാശാലകളുടെ ലിസ്റ്റിൽ ഇടം കണ്ടെത്തിയില്ല- *വാർത്ത*

ലോകം മണിക്കൂർ വെച്ച് അറിവിന്റെയും ആശയങ്ങളുടെയും പുതിയ മേച്ചിൽ പുറങ്ങൾ കണ്ടെത്തിക്കൊണ്ടിരിക്കുമ്പോൾ, മുസ്‌ലിംകൾ നൂറ്റാണ്ടുകളായിത്തുടരുന്ന ഉറക്കിൽതന്നെ-*ഖലീജ് ടൈംസ് പത്രത്തിലെ ഐജാസ് സക്ക സയ്യിദ്.*

ഒരു സമൂഹത്തിന്റെ ദയനീയ ചിത്രം വരച്ചുകാണിക്കുന്നുണ്ട് ഈ ഉദ്ധരണികൾ. അറിവിന്റെയും സാങ്കേതികവിദ്യയുടെയും പ്രാധാന്യം മുസ്‌ലിംസമൂഹവും അവരെ നയിക്കുന്ന ഭരണകർത്താക്കളും ഇനിയും മനസ്സിലാക്കാത്തതിന്റെ ദുരന്തം. പക്ഷേ, അടുത്ത കാലത്തായി ഈ ദിശയിലുള്ള ചില നീക്കങ്ങൾ കാണുന്നത് ആശാവഹമാണ്. ദുബൈയിൽ സ്ഥാപിക്കാൻ പോകുന്ന 'അറബി ജ്ഞാനഗേഹം' (Arab House of Wisdom) ഉദാഹരണം. അബ്ബാസി ഭരണകാലത്ത് ശാസ്ത്ര സാങ്കേതിക മാനവിക വിഷയങ്ങളിൽ ലോകത്തിനുതന്നെ നേതൃത്വം കൊടുത്ത ബൈത്തുൽ ഹിക്മ എന്ന ജ്ഞാനകേന്ദ്രത്തിന്റെ മാതൃകയിലായിരിക്കും ഇത് സ്ഥാപിക്കപ്പെടുക. ദുബൈ ഭരണാധികാരിയും യു.എ.ഇ വൈസ് പ്രസിഡന്റുമായ മുഹമ്മദുബ്നു റാശിദ് അൽ മക്തൂമിന്റെ രക്ഷാധികാരത്തിലാണ് ഇത് പ്രവർത്തിക്കുക. പത്ത് ബില്യൻ ഡോളറിന്റെ ഒരു വിദ്യാഭ്യാസ പ്രോജക്ടിന്റെ മുഖ്യ ആകർഷണമാണ് ഈ അറബി ജ്ഞാനഗേഹം.

നഷ്ടപ്പെട്ടുപോകുമായിരുന്ന പല ഗ്രീക്ക് തത്ത്വശാസ്ത്ര ഗ്രന്ഥങ്ങളും സംരക്ഷിക്കപ്പെട്ടത് മധ്യ നൂറ്റാണ്ടിൽ അവക്കുണ്ടായ അറബി പരിഭാഷകളിലൂടെയായിരുന്നു. ലോകവിജ്ഞാനീയങ്ങളുടെ സംഗമകേന്ദ്രം എന്ന ഈ പദവി പിൽക്കാലത്ത് അറബിഭാഷക്ക് നഷ്ടപ്പെട്ടു. എന്നു മാത്രമല്ല വിവിധ ഭാഷകളിൽ ഇറങ്ങുന്ന പല സുപ്രധാന കൃതികൾ പോലും അറബി ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയുണ്ടായില്ല. വൈജ്ഞാനിക, സാംസ്കാരിക വികാസത്തിന്റെ വലിയൊരു വാതിൽ അങ്ങനെ അറബികൾക്ക് മുമ്പിൽ അടഞ്ഞുകിടന്നു. ഇതിനൊരു പരിഹാരം എന്ന നിലയിലാണ് അബൂദബിയിൽ 'കലിമ' പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ലോക ഭാഷകളിലെ ക്ലാസ്സിക് കൃതികൾ അറബിയിലേക്ക് വിവർത്തനം ചെയ്യുകയാണ് കലിമ ഫൗണ്ടേഷന്റെ മുഖ്യ ലക്ഷ്യം. ഒരു വർഷം ഇത്തരം നൂറ് പുസ്തകങ്ങളാണ് അവർ ലക്ഷ്യമിട്ടിരിക്കുന്നത്. ഉംബർട്ടോ ഇക്കോയുടെ *സൈൻസ്*, ഫിൽ റോസൻവെയ്ഗിന്റെ *ഹാലോ ഇഫക്ട്*, യുർഗൻ ഹബർമാസിന്റെ *ദ ഫ്യൂച്ചർ ഓഫ് ഹ്യൂമൻ നേച്ചർ*, ഹോക്കിംഗിന്റെ *എ ബ്രീഫർ ഹിസ്റ്ററി ഓഫ് ടൈം*, ഹറൂകി മുറാകാമിയുടെ *കാഫ്കാ ഓൺ ദ ഷോർ*, ജെനി ഹൈകിന്റെ *അറബ് റൂട്ട്സ് ഓഫ് ക്യാപിറ്റലിസം* എന്നീ കൃതികൾ ഇതിനകം കലിമ അറബിയിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. വിലാസം: www.kalima.ae ■

# അടിയന്തരാവസ്ഥയിലെ ജയിലനുഭവങ്ങൾ



**അടിയന്തരാവസ്ഥ**യുടെ മുപ്പതാം വാർഷികം ഈയിടെയാണ് നാം അനുസ്മരിച്ചത്. ഇന്ത്യയിലേതു പോലുള്ള ഏറക്കുറെ ഭദ്രമായ ജനാധിപത്യ സംവിധാനം ഒരു ഭരണാധികാരി വിചാരിച്ചാൽ നിമിഷങ്ങൾകൊണ്ട് അട്ടിമറിക്കപ്പെടാമെന്ന സത്യം നമ്മെ ഞെട്ടിച്ചു. ഏകാധിപത്യത്തിന്റെ തേർവാഴ്ച ജനം കൊണ്ടറിഞ്ഞു. അടിയന്തരാവസ്ഥാ അനുസ്മരണങ്ങളിൽ മുഴച്ചു നിന്നത് ഈ ഭീതി തന്നെയായിരുന്നു.

അടിയന്തരാവസ്ഥയുടെ മറവിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെയും അവകാശ ധ്വംസനങ്ങളുടെയും ജയിൽ പീഡനങ്ങളുടെയും നേർചിത്രങ്ങൾ പുസ്തകങ്ങളിലൂടെയും ആനുകാലികങ്ങളിലൂടെയും നാം വായിച്ചറിഞ്ഞു. എന്നാൽ ചില പാർശ്വചിത്രങ്ങൾ ഇനിയും വേണ്ടവിധം പുറത്ത് വന്നിട്ടില്ല. അതിലൊന്നാണ് ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകരുടെ ജയിലനുഭവങ്ങൾ. അടിയന്തരാവസ്ഥയിൽ ആർ.എസ്.എസ്സിനെ നിരോധിച്ച കൂട്ടത്തിൽ തൂക്കമൊപ്പിക്കാനായി ഇന്ദിരാഗാന്ധി ജമാഅത്തെ ഇസ്‌ലാമിയെയും നിരോധിക്കുകയായിരുന്നു.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ജമാഅത്തിന്റെ നിരവധി നേതാക്കളും പ്രവർത്തകരും അറസ്റ്റ് ചെയ്യപ്പെട്ടു. മാസങ്ങൾ നീണ്ട ജയിൽവാസത്തിനു ശേഷമാണ് അവർ പുറത്തുവന്നത്. പലതരം ആളുകളുമായി ജമാഅത്ത് പ്രവർത്തകർക്ക് അടുത്തിടപഴകാൻ ലഭിച്ച അപൂർവ അവസരമായിരുന്നു അത്. ഇസ്‌ലാമിക പ്രവർത്തകരായ അവർ അവസരം ശരിക്കും ഉപയോഗപ്പെടുത്തി. രാഷ്ട്രീയ കാരണങ്ങളാലും മറ്റും ജയിലിൽ എത്തിപ്പെട്ട പ്രമുഖർക്കും സാധാരണക്കാർക്കും അവർ ഇസ്‌ലാമിനെയും ഇസ്‌ലാമിക പ്രസ്ഥാനത്തെയും പരിചയപ്പെടുത്തി. ആർ.എസ്.എസ് നേതാക്കളുമായി ആശയസംവാദം നടക്കുന്നത് ഈ ഘട്ടത്തിലാണ്. ഇതേക്കുറിച്ച് ചില കേട്ടറിവുകളും ലേഖനങ്ങളിലെ പരാമർശങ്ങളും മാത്രമാണ് ഉണ്ടായിരുന്നത്. വൈകിയാണെങ്കിലും ഇസ്‌ലാമിക പ്രവർത്തകരുടെ അടിയന്തരാവസ്ഥയിലെ ജയിലനുഭവങ്ങൾ പുസ്തകമായി പ്രസിദ്ധീകരിച്ചിരിക്കുകയാണ് ദൽഹിയിലെ മർകസി മക്തബ ഇസ്‌ലാമി. 'അടിയന്തരാവസ്ഥയിലെ പരീക്ഷണങ്ങളും ജമാഅത്തെ ഇസ്‌ലാമിയും' (എമർജൻസി കീ ആസ്മാഇശേം ഔർ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്) എന്നാണ് ഈ ഉർദു പുസ്തകത്തിന്റെ പേര്.

പ്രവർത്തകരുടെ ജയിലനുഭവങ്ങൾ ക്രോഡീകരിച്ചിരിക്കുകയാണ് പുസ്തകത്തിൽ. രണ്ട് വശങ്ങളാണ് ഇതിൽ പ്രധാനമായും പറയുന്നത്. ഒന്ന്, ജയിലിലെ മാനസികവും ശാരീരികവുമായ പീഡനങ്ങൾ. ക്ഷമയോടെ അവ തരണം ചെയ്യാൻ പ്രവർത്തകർ കാണിച്ച ആർജവം. രണ്ട്, സഹോദര സമുദായങ്ങളിൽ പെട്ടവർക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാൻ അവർ നടത്തിയ ശ്രമങ്ങൾ. 1975 മുതൽ 1977 വരെയുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ചരിത്രം കൂടിയാണിത്. ഇൻതിസാർ നഈമാണ് പുസ്തകം എഡിറ്റ് ചെയ്തിരിക്കുന്നത്. പേജ് 232. വില നൂറ് രൂപ. മർകസി മക്തബയുടെ വെബ് സൈറ്റ്: www.mmipublishers.net ■